# തല്ലുന്നതിന്റെയും തല്ല് കൊള്ളുന്നതിന്റെയും രാഷ്ട്രീയം

**ടി. മുഹമ്മദ്**

**സംസ്ഥാന** സർക്കാർ സ്കൂൾ-കോളേജ് തലത്തിൽ നടപ്പാക്കുന്ന സ്പോർട്സ് ലോട്ടറിയുടെ പ്രചാരണാർഥം കണ്ണൂരിൽ സംഘടിപ്പിച്ച ദീപശിഖാ പരിപാടിയുടെ ഉദ്ഘാടനസമയത്ത് ജനാധിപത്യപരമായി പ്രതിഷേധിക്കാൻ ശ്രമിച്ച എസ്.ഐ.ഒ വിദ്യാർഥികളെ ഡി.വൈ.എഫ്.ഐ പ്രവർത്തകർ മർദിക്കുകയുണ്ടായി. കാസർകോട്ട് സ്പോർട്സ് ലോട്ടറിക്കെതിരെ പ്രതിഷേധിച്ച വിദ്യാർഥികൾക്കെതിരെ പോലീസ് നടത്തിയ നടപടിയിൽ പ്രതിഷേധിച്ച് ആഹ്വാനം ചെയ്ത പ്രതിഷേധദിനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മൊകേരിയിൽ പ്രകടനം നടത്തിയ എസ്.ഐ.ഒ പ്രവർത്തകരെയും സോളിഡാരിറ്റി ജില്ലാ സെക്രട്ടറിയെയും മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ ക്രൂരമായി മർദിക്കുകയായിരുന്നു. തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്തും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും സ്പോർട്സ് ലോട്ടറിക്കെതിരെ പതിച്ച പോസ്റ്ററുകൾ വ്യാപകമായി നശിപ്പിക്കപ്പെടുകയുണ്ടായി. കോഴിക്കോട് ജില്ലയിലെത്തന്നെ തൊട്ടിൽപാലത്ത് പ്രകടനം നടത്തിയവരെ സി.പി.എമ്മുകാർ വളഞ്ഞുവെക്കുകയും പോലീസ് ഇടപെട്ട് രക്ഷപ്പെടുത്തുകയുമായിരുന്നു.

അകം ശൂന്യമാവുമ്പോഴാണ് പുറം അക്രമാസക്തമാവുന്നത്. സ്പോർട്സ് ലോട്ടറി എന്ന ഇടതുപക്ഷസർക്കാർ പരിപാടിയെ അനുകൂലിച്ച് ആശയപരമായി രംഗത്തുവരാനുള്ള അശക്തിയാണ് കായികമായി രംഗത്തുവരാൻ സി.പി.എമ്മിനെ പ്രേരിപ്പിക്കുന്നത്. ആഗോളവത്കരണം ഇന്ത്യയിലെ സാധാരണക്കാരെ മാത്രമല്ല പാപ്പരാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ പാവപ്പെട്ടവരുടെ ഏറ്റവും വലിയ പാർട്ടിയെയും ആശയപരമായി അത് പാപ്പരാക്കിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തത്തിന്റെ അധാർമിക ആക്രമണോത്സുകതയെ നേരിടാനുള്ള ധാർമിക ബലക്കുറവ് കമ്യൂണിസത്തിന് സഹജമായിത്തന്നെയുള്ളതാണ്. ആഗോളവത്കൃതമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രഘടനയിൽ സംസ്ഥാനഭരണം കൈയാളേണ്ടിവരുമ്പോൾ ഈ ദൗർബല്യം കൂടുതൽ ദയനീയമാവുകയാണ്. എ.ഡി.ബി വിഷയത്തിൽ എൽ.ഡി.എഫിനും യു.ഡി.എഫിനുമിടയിലെ വ്യത്യാസം കണ്ടുപിടിക്കാൻ സഖാക്കൾ പെടുന്ന പാട് ഇതിന്റെ ഹിമാലയൻ സാക്ഷ്യമാണ്. ഇത്തരം വിഷയങ്ങളിൽ ഏതു നയം സ്വീകരിക്കുന്നു എന്നത് മാത്രമല്ല കാര്യം. ഏത് നയം സ്വീകരിക്കുമ്പോഴും പുലർത്താവുന്ന ധാർമികതയുടെ കാര്യത്തിലും മൂലധനപ്രവാഹകാലത്തെ സി.പി.എമ്മിന് ദീവാളി പിടിക്കുക തന്നെയാണ്.

മനുഷ്യനിലെ ആർത്തിയെയും വ്യാമോഹങ്ങളെയും ഒരു സാധ്യതയായി കാണുക എന്നതാണ് ലോട്ടറിയുടെ തത്ത്വശാസ്ത്രം. ആഗോളവത്കരണം ശക്തിപ്പെടുന്ന മുറക്ക് സാമ്പത്തിക സമ്മാനപദ്ധതികളും ശക്തിപ്പെടും. സൂനാമിദുരന്തമുണ്ടായപ്പോൾ ഒരു സമ്മർദവും പ്രലോഭനവുമില്ലാതെ കോടിക്കണക്കിന് ഉറുപ്പിക സർക്കാറിനു നൽകിയ ഒരു ജനതയുടെ ധാർമികബോധത്തെ ഉദ്ദീപിപ്പിക്കുകയും ചുരത്തിയെടുക്കുകയും ചെയ്യുന്നതിനു പകരം കുഞ്ഞുമക്കളിലും വിദ്യാർഥികളിലും ചൂതാട്ടത്തിന്റെ വിത്ത് വിതക്കുന്നത് ഒരു മറുസ്വരവും പ്രതിഷേധവുമില്ലാതെ നടപ്പിലാവേണ്ട പുണ്യകർമമല്ല. ഡി.വൈ.എഫ്.ഐക്ക് ഇതിൽ വ്യത്യസ്താഭിപ്രായമുണ്ടെങ്കിൽ സർക്കാർ നടപടിക്കനുകൂലമായി കാമ്പയിനുമായി രംഗത്തുവരാമായിരുന്നു. അതിനു പകരം വിമർശിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നവരുടെ മേൽ കടത്തനാടൻ കളരി പ്രയോഗിക്കുന്നത് ജനാധിപത്യ പ്രവർത്തനമല്ല. ആളുകൾ പരസ്പരം വാളിന്റെയും പരിചയുടെയും കൈയൂക്കിന്റെയും തെറിയുടെയും ഭാഷയിൽ സംസാരിച്ചിരുന്നേടത്തു നിന്ന് ധാർമികമായി മുന്നോട്ടു പോയപ്പോഴാണ് അവന് ജനാധിപത്യമുണ്ടായത്.

ആഗോളവത്കരണം പല തലത്തിൽ ജനാധിപത്യത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പ്രത്യേക സാമ്പത്തിക സോണുകൾ പോലുള്ള ജനാധിപത്യരഹിത ഇടങ്ങളെ അത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. താഴെതട്ടിൽ ഫ്യൂഡലിസം ഇപ്പോഴും ജനാധിപത്യത്തെ തടഞ്ഞുനിർത്തുകയാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് മാത്രം പ്രവേശനമുള്ള ഏകവിളത്തോട്ടങ്ങൾ എന്ന ഫ്യൂഡൽ മനോഘടന പാർട്ടി വേഷം കെട്ടിയാടുന്ന അശ്ലീലത താഴെതട്ടിലും ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയാണ്. കാമ്പസിൽ സംഘടനാ സ്വാതന്ത്ര്യം ഹൈക്കോടതി നിഷേധിച്ചപ്പോൾ എസ്.എഫ്.ഐ അതിനെതിരെ പ്രതിഷേധവുമായി രംഗത്തുവന്നിരുന്നു. കേരളത്തിൽ ഒരുപാട് കാമ്പസുകളിൽ എസ്.എഫ്.ഐ ഒഴിച്ച് എല്ലാ വിദ്യാർഥി സംഘടനകൾക്കും നേരത്തേതന്നെ എസ്.എഫ്.ഐ നിരോധനം പ്രഖ്യാപിച്ചതാണ്.

സി.പി.എം അതിന്റെ അണികൾക്ക് ജനാധിപത്യ സംസ്കരണം നൽകുന്നില്ലെങ്കിൽ, പ്രതിപക്ഷം അതേറ്റെടുക്കുന്നില്ലെങ്കിൽ ആ സാഹസികത ആരെങ്കിലും ജനാധിപത്യ

ത്തിനു വേണ്ടി ഏറ്റെടുത്തേ മതിയാവൂ. കേരളത്തിലെ മാർക്സിസ്റ്റ് സമൂഹത്തിലെ ജനാധിപത്യ വിരുദ്ധഘടകം ഏതോ തരത്തിൽ അനാവരണം ചെയ്യപ്പെട്ടേ പറ്റൂ. ഏതു രോഗവും പ്രത്യക്ഷത്തിൽ വെളിപ്പെടുക എന്നത് ജനാധിപത്യത്തിൽ ഏറെ പ്രധാനമാണ്. അത് പരിഹാരത്തിന്റെ പകുതിയാണ്. ആ വെളിപ്പെടലിന് എസ്.ഐ.ഒ വിദ്യാർഥികളുടെ ഇളം പുറങ്ങൾ ഒരു നിമിത്തമായെന്ന് മാത്രം.

ഇത്തരം അക്രമസംഭവങ്ങളെ കുറിച്ച് മാർക്സിസ്റ്റുകൾ എപ്പോഴും നടത്താറുള്ള ഒരു വിശദീകരണമുണ്ട്: അത് പാർട്ടി നടത്തിയതല്ല, ആൾക്കൂട്ടത്തിന്റെ സ്വാഭാവിക പ്രതികരണമാണ്. സ്വാശ്രയകോളേജ് പ്രശ്നത്തിൽ എസ്.എഫ്.ഐ വിദ്യാർഥികൾ സ്വാശ്രയകോളേജുകൾക്കെതിരെ നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള സംഘടനാ വിശദീകരണം അതായിരുന്നു. എന്നാൽ ഇത്തരം ജനാധിപത്യവിരുദ്ധ അക്രമങ്ങളോടുള്ള നിങ്ങളുടെ നിലപാടെന്ത് എന്നതാണ് ജനാധിപത്യ ശക്തികളുടെ ചോദ്യം.

ഇസ്‌ലാമിക പ്രസ്ഥാനം വ്യക്തതയുള്ള ഒരു നിലപാടിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷത്തെ പിന്തുണച്ചുവെങ്കിലും അതിനെ ശരിയായ ശബ്ദത്തിൽ ഉൾക്കൊള്ളാനുള്ള തലച്ചോർ ക്രമീകരണം, ബ്രെയിൻ വയറിംഗ് ഇപ്പോഴും മാർക്സിസ്റ്റ് പാർട്ടിക്കില്ല എന്നതൊരു സത്യമാണ്. മതത്തിന്റെ രാഷ്ട്രീയ ഇടപെടലുകളെ ഉൾക്കൊള്ളാനുള്ള മതസാക്ഷരതയോ രാഷ്ട്രീയ വിദ്യാഭ്യാസമോ ഇപ്പോഴും ഇടതുപക്ഷം ആർജിച്ചിട്ടില്ല. മതത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തിൽ ഇടപെടുന്ന ഗ്രൂപ്പുകൾ സാമ്രാജ്യത്വവിരുദ്ധതക്കും ഫാഷിസത്തിനും വികസന ക്രിമിനൽ കുറ്റത്തിനുമെതിരായ പോരാട്ടത്തിന്റെ ഭാഗമായി ഇടതുപക്ഷത്തെ തെരഞ്ഞെടുപ്പിൽ പിന്തുണക്കുമ്പോഴും മതം രാഷ്ട്രീയത്തിലിടപെടരുതെന്ന നിഷേധാത്മക ദർശനം തന്നെയാണ് മാർക്സിസ്റ്റുകൾ ഇപ്പോഴും ഉരുവിടുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക പ്രസ്ഥാനം മാത്രമല്ല, കേരളത്തിലെ മുസ്‌ലിംകൾക്കിടയിലെ ഒരു പ്രബുദ്ധ പൊതുജനാവലിയും ഇടതുപക്ഷത്തെ പിന്തുണക്കുകയുണ്ടായി. അതിനെ തെരഞ്ഞെടുപ്പിൽ ഉപയോഗപ്പെടുത്തി എന്നതല്ലാതെ ആ പിന്തുണ ഉയിരെടുക്കുന്ന ആശയ-വൈകാരിക മണ്ഡലത്തെ തൊട്ടുനോക്കാനോ അഭിസംബോധന ചെയ്യാനോ ഇടതുപക്ഷം ഏറെയൊന്നും ശ്രമിച്ചിട്ടില്ല.

കേരളത്തിലെ കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിന് ചരിത്രപരമായ ഒരു പ്രത്യേകതയുണ്ടായിരുന്നു. ഇന്ത്യയിലും കേരളത്തിലും ആഗോളവത്കരണം കടന്നുവന്നത് തെരഞ്ഞെടുപ്പിലൂടെയും പാർലമെന്റിലൂടെയും ജനകീയ അംഗീകാരം വാങ്ങിയിട്ടല്ല. പക്ഷേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി പരസ്യമായും വ്യക്തമായും ആഗോളവത്കരണ വികസന നയങ്ങൾക്കുവേണ്ടി വോട്ട് ചോദിക്കുകയായിരുന്നു. ഇടതുപക്ഷം താരതമ്യേന ആഗോളവത്കരണവിരുദ്ധമായ ഒരു പ്രകടനപത്രികയുമായാണ് ജനങ്ങളെ സമീപിച്ചത്. അധികാരത്തിലേറി വലതുപക്ഷനയങ്ങൾ നടപ്പാക്കാൻ ശ്രമിച്ചാൽ ജനകീയ സമരങ്ങളിലൂടെ തിരുത്തപ്പെടുമെന്ന് ഇടതുപക്ഷം ഓർത്തുവെക്കുന്നത് നല്ലതാണ്.

കേവല ഇടതുപക്ഷ രാഷ്ട്രീയ സമൂഹത്തിന്റെ പിന്തുണയോടെയല്ല, ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നത്. സാമ്രാജ്യത്വവിരുദ്ധ സമരം നടത്തുന്ന, ക്രിമിനൽ വികസനത്തെ ചെറുക്കാൻ ശ്രമിക്കുന്ന നിരവധി പൗരസമൂഹ പ്രസ്ഥാനങ്ങളുടെയും ആക്ടിവിസ്റ്റുകളുടെയും കൂടി പിന്തുണയോടെയാണ്. ആ പിന്തുണ പിൻവലിക്കപ്പെട്ടാൽ സാങ്കേതികമായി തൊണ്ണൂറ്റെട്ട് എം.എൽ.എമാരുമായി ഗവൺമെന്റിന് നിലനിൽക്കാൻ കഴിയുമെങ്കിലും ധാർമികമായി അതിന്റെ നിലനിൽപിന്റെ അർഹത നഷ്ടപ്പെടും. സമകാലിക ലോകത്ത് കേരള ഗവൺമെന്റിനേക്കാൾ വലിയ അധികാര സ്ഥാപനമായ കൊക്കക്കോളയെന്ന ബഹുരാഷ്ട്ര കുത്തക സ്ഥാപനത്തെ സമരം ചെയ്തു തോൽപിച്ച കേരളത്തിലെ ജനകീയ സമരാനുഭവത്തെ പോലീസിനെയും ഡി.വൈ.എഫ്.ഐയെയും ഉപയോഗിച്ച് തച്ചുതകർക്കാൻ ശ്രമിച്ചാൽ വിജയിക്കാൻ പോകുന്നില്ലെന്ന് ഇടതുപക്ഷം മനസ്സിലാക്കുന്നത് അവരുടെ രാഷ്ട്രീയ ആരോഗ്യത്തിന് ഗുണകരമായിരിക്കും. ■